(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ ഗവണ്മെന്റ് ജീവനക്കാരുടേയും അദ്ധ്യാപകരുടേയും മൊത്തം എണ്ണം എത്രയായിരുന്നു;

(ബി) ഇവർക്കുവേണ്ടി ഒരു വർഷം എന്തു തുക ചെലവായിരുന്നു;

(സി) 1999 ഡിസംബർ 31-ാം തീയതി ഗവണ്മെന്റ് ജീവനക്കാരുടേയും അദ്ധ്യാപകരുടെയും മൊത്തം എണ്ണം എത്ര;

(ഡി) ഇവർക്കുവേണ്ടി ഇപ്പോൾ ഒരു വർഷം ചെലവഴിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഗവണ്മെന്റ് ജീവനക്കാർക്ക് ഇപ്പോൾ ഡി.എ. കുടിശ്ശിക കൊടുക്കാനുണ്ടോ; എന്നുമുതലുള്ള കുടിശ്ശികയാണ് കൊടുക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിനുവേണ്ടി മൊത്തം ഒരു വർഷം വേണ്ടി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ജി) ഗവണ്മെന്റിന്റെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും കംപ്യൂട്ടർ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ഗവണ്മെന്റ് ജീവനക്കാരുടെ എണ്ണം വർദ്ധിക്കാതിരിക്കുവാൻ ഗവണ്മെന്റ് എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ;

(എച്ച്) എങ്കിൽ എന്തെല്ലാം;

(ഐ) ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകളിലെ കമ്പ്യൂട്ടർവൽക്കരണത്തിനു വേണ്ടി 1999-2000 വർഷം എത്ര രൂപ ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 510365

(ബി) 2616.66 കോടി രൂപ 1996-97 ലെ കണക്കനുസരിച്ച്.

(സി) 535678

(ഡി) 3261.92 കോടി രൂപ (1998-99 ലെ താൽക്കാലിക കണക്ക് പ്രകാരം)

(ഇ) 1.1.99 മുതൽ 10% ഉം 1.7.99 മുതൽ 5% എന്നിങ്ങനെ രണ്ട് ഗഡു കുടിശ്ശികയായി ഗവണ്മെന്റ് ജീവനക്കാർക്ക് കൊടുക്കുവാനുണ്ട്.

(എഫ്) 1.1.99 മുതൽ 10% ഡി.എ. നൽകാൻ പ്രതിവർഷം 324 കോടി രൂപയും 1.7.99 മുതലുള്ള 5% ഡി.എ. നൽകാൻ 162 കോടി രൂപയും പ്രതിവർഷം അധികമായി വേണ്ടി വരും.

(ജി) ഇതുവരെ യാതൊരു തീരുമാനവും എടുത്തിട്ടില്ല.

(എച്ച്) ..

(ഐ) ഓരോ വകുപ്പിന്റെയും മൊത്തം പദ്ധതി വിഹിതത്തിന്റെ 3% മാറ്റി വയ്ക്കാൻ വകുപ്പുകളെ അനുവദിച്ചിട്ടുണ്ട്.

19 (1060) വിദേശത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്ക് പെൻഷൻ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 18.9.1999 ൽ കേരള ഗവണ്മെന്റ് പുറപ്പെടുവിച്ച 1851/99/ധന ഉത്തരവനുസരിച്ച് ഏതു വിഭാഗം ജീവനക്കാർക്കാണ് പെൻഷൻ ആനുകൂല്യം അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പത്തുവർഷത്തിൽ കൂടുതൽ സർവ്വീസിൽ ഉണ്ടായിരുന്നവരും ഭാരതസർക്കാരിന്റെ അനുവാദത്തോടും അംഗീകാരത്തോടും കൂടി വിദേശത്ത് ജോലി ചെയ്തുവരുന്നവരുമായ ജീവനക്കാർക്ക് പെൻഷൻ നൽകാൻ വ്യവസ്ഥ ഉണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) പ്രവാസിഭാരതീയരുടെ പുനരധിവാസത്തിന് ചെയ്തു കൊടുക്കുന്ന ആനുകൂല്യങ്ങളുടെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തി ഇത്തരം ജീവനക്കാർക്കും പെൻഷൻ നൽകുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സർവ്വീസിൽ നിന്നും സൂപ്പർ ആന്വേഷനിൽ റിട്ടയർ ചെയ്യുകയും എന്നാൽ ചട്ടപ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് വേണ്ടതായ ഏറ്റവും കുറഞ്ഞ 10 വർഷം സർവ്വീസ് ഇല്ലാതിരിക്കുകയും അക്കാരണത്താൽ പെൻഷൻ അർഹതയില്ലാതിരിക്കുകയും ചെയ്തുവർക്കാണ് 18.9.99 ലെ സർക്കാർ ഉത്തരവുപ്രകാരം എക്സ്ഗ്രേഷ്യാ പെൻഷൻ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പക്ഷെ അവധിയെടുത്തതു മൂലം പത്ത് വർഷത്തെ സേവനകാലം പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് ഈ സ്കീം ബാധകമല്ല.

(ബി) നിലവിലുള്ള ചട്ടപ്രകാരം തന്നെ പെൻഷന് അർഹതയുണ്ട്. എന്നാൽ റിട്ടയർ ചെയ്യുന്നതിന് 1 കൊല്ലം മുമ്പുതന്നെ സർവ്വീസിൽ പുനപ്രവേശിച്ചിരിക്കണമെന്നാണ് നിബന്ധന.

(സി) ഉദിക്കുന്നില്ല.

20 (1061) കോൺട്രാക്ടർമാർക്ക് നൽകാനുള്ള തുക

ശ്രീ. എ.കെ. മണി : തഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ 31-ാം തീയതിയിലെ കണക്കനുസരിച്ച് പി. ഡബ്ല്യൂ.ഡി. ജലസേചനം എന്നീ വകുപ്പുകളിലെ കോൺട്രാക്ടർമാർക്ക് എന്ത് തുക കൊടുത്തുതീർക്കാനുണ്ട്;

(ബി) ഇതിൽ മുൻവർഷത്തെ കുടിശ്ശിക എന്തു വരുമെന്ന് പറയുമോ?

ഉത്തരം

(എ)1.	റോഡുകളും പാലങ്ങളും	-	500.52	കോടി രൂപ
2.	കെട്ടിട വിഭാഗം	-	58.01	,,
3.	നാഷണൽ ഹൈവേസ്	-	9.38	,,
4.	ജലസേചനം ഇൻവസ്റ്റിഗേഷൻ	-	5.96	,,
5.	ഇറിഗേഷൻ പ്രോജക്ട് ഒന്ന്	-	7.99	,,
6.	ഇറിഗേഷൻ പ്രോജക്ട് രണ്ട്	-	9.79	,,
7.	ഇറിഗേഷൻ പ്രോജക്ട് മൂന്ന്	-	6.75	,,

LIBRARY ARCHIVES Kerala Legislative Assembly